**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4093** **09-08-2021 - ൽ മറുപടിയ്ക്ക്**

**ചെർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലാ, കടുത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചെർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പാലാ, കടുത്തുരുത്തി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചെർപ്പുങ്കൽ പാലം കരാർ നൽകി 21/12/2019-നാണ് ആരംഭിച്ചത്. സബ് സ്ട്രക്ചറിന്റെ പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. സൂപ്പർ സ്ട്രക്ച്ചറിന്റെ നിർമ്മാണത്തിനായി 1.12, 1.13 എന്നീ ഇനങ്ങളിലെ ഡെക്ക് സ്ലാബും, ബീമുകളും നിർമ്മാണത്തിനാവശ്യമായ ക്വാണ്ടിറ്റികൾ എസ്റ്റിമേറ്റിൽ കുറവായിരുന്നതിനാൽ ആവശ്യമായ അളവുകൾ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഈ ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത തുക സാങ്കേതികാനുമതി തുകയേക്കാൾ 221 ശതമാനവും, 302 ശതമാനവും അധികമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് സർക്കാരിൽ ലഭ്യമാകുകയും പരിശോധനയ്ക്ക് ശേഷം എഗ്രീഡ് അളവുകളെക്കാൾ 25% അധികരിച്ച ഇനങ്ങൾക്ക് കരാറുകാരന്റെ ക്വാട്ടട് നിരക്ക് (എഗ്രീഡ് നിരക്ക്) ലോക്കൽ മാർക്കറ്റ് നിരക്കിനെക്കാൾ അധികമായതിനാൽ കരാറുകാരന്റെ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. ക്വാട്ട് ചെയ്ത നിരക്ക് ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ നൽകിയ WP(C) No. 8492 ലെ 09/04/2021 വിധിയുടെ അടിസ്ഥാനത്തിൽ 15/06/2021 ൽ കരാറുകാരന്റെ ഭാഗം സർക്കാർ തലത്തിൽ കേട്ടിട്ടുള്ളതാണ്. ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ